
ഗ്രേറ്റർ നോയിഡയിലെ കർഷക പ്രക്ഷോഭത്തിൽ അഖിലേന്ത്യാ കർഷക തൊഴിലാളി യൂണിയൻ ജോയിന്റ് സെക്രട്ടറി വി ശിവദാസൻ എംപി

### ഗ്രേറ്റർ നോയിഡ കർഷകപ്രക്ഷോഭം

# നഷ്ടപരിഹാര നിഷേധം പാർലമെന്റിൽ ഉന്നയിക്കും: വി ശിവദാസൻ

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ട് അഖിലേന്ത്യ കിസാൻ സഭയുടെ നേതൃത്വത്തിൽ ഉത്തർപ്രദേശിലെ ഗ്രേറ്റർ നോയിഡ വികസന അതോറിറ്റി ആസ്ഥാനത്തിന് മുന്നിൽ കർഷകർ നടത്തുന്ന സമരം 23–ാം ദിവസത്തിലേക്ക്. വിഷയം പാർലമെന്റിൽ ശക്തമായി ഉന്നയിക്കുമെന്ന് ചൊവ്വാഴ്ച സമരവേദിയിലെത്തി ഐക്യദാർഢ്യമറിയിച്ച അഖിലേന്ത്യ കർഷക തൊഴിലാളി യൂണിയൻ ജോയിന്റ് സെക്രട്ടറി വി ശിവദാസൻ എംപി കർഷകർക്ക് ഉറപ്പുനൽകി.

രാജ്യം ഭരിക്കുന്ന സർക്കാർ കർഷകരെയോ സാധാരണക്കാരെയോ പരിഗണിക്കുന്നില്ലെന്നും മറിച്ച് കോർപറേറ്റുകളുടെ സർക്കാർ മാത്രമാണെന്നും ശിവദാസൻ പറഞ്ഞു. 39 ഗ്രാമത്തിലെ കർഷകരിൽനിന്ന് അതോറിറ്റി 13 വർഷംമുമ്പ് ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരം ആവശ്യപ്പെട്ടാണ് സമരം. മുൻമുഖ്യമന്ത്രിയും ബിഎസ്പി നേതാവുമായ മായാവതിയുടെ ഗ്രാമത്തിൽ നിന്നുള്ളവരടക്കം കിസാൻ സഭയുടെ നേതൃത്വത്തിൽ നടക്കുന്ന സമരത്തിൽ പങ്കെടുക്കുന്നു. നഷ്ടപരിഹാരം ലഭിക്കാത്ത ബിജെപി, എസ്പി പാർടികളുടെ പ്രാദേശിക നേതാക്കളടക്കം സമരത്തോട് അനുഭാവം പ്രകടിപ്പിച്ച് സമരനേതാക്കളെ ബന്ധപ്പെട്ടിട്ടുണ്ട്.

## ചുരുക്കത്തിൽ

### ദേവേന്ദ്ര ശർമ ചുമതലയേറ്റു

**ന്യൂഡൽഹി**



ഇന്ത്യൻ ആർമിയുടെ വെസ്റ്റേൺ കമാൻഡിന്റെ ചീഫ് ഓഫ് സ്റ്റാഫ് ആയി ലെഫ്റ്റനന്റ് ജനറൽ ദേവേന്ദ്ര ശർമ ചുമതലയേറ്റു. മൂന്ന് പതിറ്റാണ്ടിലേറെ നീണ്ട സേവനത്തിനിടെ സേനയുടെ വിവിധ വിഭാഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. ധീരതയ്ക്കുള്ള മെഡൽ, അതിവിശിഷ്ട് സേവാ മെഡൽ, യുഎൻ സേനാ കമാൻഡറുടെ പ്രശംസ എന്നിവ ലഭിച്ചിട്ടുണ്ട്.

### ‘പൊന്നിയിൻ സെൽവൻ’ നിർമാണകമ്പനിയിൽ ഇഡി പരിശോധന

**ചെന്നൈ**

പ്രമുഖ തെന്നിന്ത്യൻചലച്ചിത്ര നിർമാണ കമ്പനിയായ ലൈക്കയുടെ ഓഫീസുകളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) ഉദ്യോഗസ്ഥർ പരിശോധന നടത്തി. അനധികൃത പണമിടപാട് നടത്തിയെന്ന പരാതിയെ തുടർന്നാണ് പരിശോധനയെന്നാണ് റിപ്പോർട്ട്. മണിരത്നം സംവിധാനം ചെയ്ത ‘പൊന്നിയിൻ സെൽവൻ’ എന്ന വമ്പൻ ഹിറ്റ്ചിത്രം ലൈക്ക നിർമിച്ചതാണ്. 2014ൽ സുബാസ്കരൻ അല്ലിരാജയാണ് ലൈക്ക പ്രൊഡക്‌ഷൻസ് സ്ഥാപിച്ചത്. കമൽഹാസനെ നായകനാക്കി ശങ്കർ ഒരുക്കുന്ന ഇന്ത്യൻ 2ആണ് റിലീസ് ചെയ്യാനിരിക്കുന്ന ചിത്രം.

# ഗുജറാത്ത് ജഡ്ജിമാരുടെ സ്ഥാനക്കയറ്റം റദ്ദാക്കൽ; പുതിയ ബെഞ്ചിന്

- രാഹുലിനെ ശിക്ഷിച്ച ജഡ്ജിയുടെ സ്ഥാനക്കയറ്റം റദ്ദാക്കിയിട്ടില്ല



**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

ഗുജറാത്തിലെ 68 ജുഡീഷ്യൽ ഓഫീസർമാർക്ക് ജഡ്ജിമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ചത് ചോദ്യംചെയ്തുള്ള ഹർജികൾ സുപ്രീംകോടതി പുതിയ ബെഞ്ചിന് കൈമാറും. നേരത്തെ കേസ് പരിഗണിച്ച ജസ്റ്റിസ് എം ആർ ഷാ വിരമിച്ചതിനാൽ കേസ് ഉടൻ പുതിയ ബെഞ്ചിന് വിടുമെന്ന് ചീഫ്ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അറിയിച്ചു.

68 പേരിൽ 40 പേരുടെ സ്ഥാനക്കയറ്റം സുപ്രീംകോടതി സ്റ്റേ ചെയ്തിരുന്നു. ഇക്കൂട്ടത്തിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയെ അപകീർത്തിക്കേസിൽ ശിക്ഷിച്ച മജിസ്ട്രേട്ട് എച്ച് എച്ച് വർമയുടെ സ്ഥാനക്കയറ്റവും സ്റ്റേ ചെയ്തതായി വാർത്തകൾ പ്രചരിച്ചിരുന്നു.

എന്നാൽ, എച്ച് എച്ച് വർമയുടെ സ്ഥാനക്കയറ്റം സ്റ്റേ ചെയ്തിട്ടില്ലെന്ന് ഈ കേസിൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ച ജസ്റ്റിസ് എം ആർ ഷാ കഴിഞ്ഞദിവസം വിശദീകരിച്ചു. മെറിറ്റിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരായ 28 പേരുടെ സ്ഥാനക്കയറ്റം സുപ്രീംകോടതി സ്റ്റേ ചെയ്തിട്ടില്ല. എച്ച് എച്ച് വർമ മെറിറ്റ് ലിസ്റ്റിൽ മുന്നിലാണ്– സുപ്രീംകോടതി ജഡ്ജി സ്ഥാനത്ത് നിന്നും വിരമിച്ചതിനുശേഷം വാർത്താ പോർട്ടലിന് നൽകിയ അഭിമുഖത്തിൽ ജസ്റ്റിസ് ഷാ പറഞ്ഞു. സുപ്രീംകോടതി ഉത്തരവിനെ തുടർന്ന്, 40 പേരുടെ സ്ഥാനക്കയറ്റം പിൻവലിച്ച് ഗുജറാത്ത് ഹൈക്കോടതി ഉത്തരവിറക്കി. ഇതിനെതിരെ ജുഡീഷ്യൽ ഓഫീസർമാരും സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്.

## ബാങ്ക് സ്വകാര്യവൽക്കരണം

# നീക്കം തകൃതി

- ആദ്യ പരിഗണനയിൽ യൂകോ ബാങ്ക്, ബാങ്ക് ഓഫ് മഹാരാഷ്ട്ര, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, പഞ്ചാബ് ആൻഡ് സിന്ധ് ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക് എന്നിവ
- ചുരുക്കപ്പട്ടികയുണ്ടാക്കാൻ സമിതി ഉടൻ

**പ്രത്യേക ലേഖകൻ**

**ന്യൂഡൽഹി**

സ്വകാര്യവൽക്കരിക്കാനുള്ള പൊതുമേഖലാ ബാങ്കുകളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കാൻ കേന്ദ്രം ഉടൻ സമിതി രൂപീകരിച്ചേക്കും. റിസർവ് ബാങ്ക്, നിതി ആയോഗ്, നിക്ഷേപ– പൊതുആസ്തി മാനേജ്മെന്റ് വകുപ്പ് എന്നിവയുടെ പ്രതിനിധികൾ സമിതിയിൽ ഉണ്ടാകും. തമ്മിൽ ലയിപ്പിച്ച് എണ്ണം കുറച്ചും കിട്ടാക്കടം എഴുതിത്തള്ളിയും പൊതുമേഖലാ ബാങ്കുകളെ കേന്ദ്രം ഓഹരിവിൽപ്പനയ്ക്ക് സജ്ജമാക്കി.

നിതി ആയോഗ് 2021ൽ രണ്ട് പൊതുമേഖലാ ബാങ്കിനെ സ്വകാര്യവൽക്കരിക്കാൻ ശുപാർശ ചെയ്തിരുന്നു. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യ ഓവർസീസ് ബാങ്ക് എന്നിവയെ ഇതിനായി തെരഞ്ഞെടുത്തെന്നും റിപ്പോർട്ടുകൾ വന്നു. പല കാരണത്താൽ നടപടികൾ നീണ്ടു. കഴിഞ്ഞ സാമ്പത്തികവർഷം പൊതുമേഖലാ ബാങ്കുകളുടെ മൊത്തം ലാഭം ഒരു ലക്ഷം കോടിയോളം രൂപയായി. അതിനാൽ ബാങ്കുകളുടെ വിൽപ്പന നടത്താൻ പറ്റിയ സമയമാണെന്ന് കേന്ദ്രം കരുതുന്നു. ലയനങ്ങൾക്കുശേഷം രാജ്യത്ത് നിലവിലുള്ളത് 12 പൊതുമേഖലാ ബാങ്കാണ്.




യൂകോ ബാങ്ക്, ബാങ്ക് ഓഫ് മഹാരാഷ്ട്ര, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, പഞ്ചാബ് ആൻഡ് സിന്ധ് ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക് എന്നിവയാണ് സ്വകാര്യവൽക്കരണത്തിനായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കുകയെന്ന് റിപ്പോർട്ടുണ്ട്. സ്വകാര്യവൽക്കരണം സാധ്യമാക്കാൻ ബാങ്കിങ് നിയമ ഭേദഗതി ബിൽ സർക്കാർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പാർലമെന്റിൽ അവതരിപ്പിച്ചിട്ടില്ല.

# മാധ്യമ പ്രവർത്തകനെതിരെ ചാരവൃത്തിക്ക് സിബിഐ കേസ്

- പ്രതിരോധ രഹസ്യം വിദേശ രഹസ്യാന്വേഷണ ഏജൻസികൾക്ക് കൈമാറിയെന്ന് ആരോപണം
- കേസെടുത്തത് ‘ഡിഫൻസ് ന്യൂസി’ന്റെ ഇന്ത്യൻ ബ്യൂറോ ചീഫ് വിവേക് രഘുവംശിക്കെതിരെ

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

ഇന്ത്യയുടെ പ്രതിരോധ വിവരങ്ങൾ ചോർത്തി വിദേശ രഹസ്യാന്വേഷണ ഏജൻസികൾക്ക് നൽകിയെന്ന് ആരോപിച്ച് മാധ്യമപ്രവർത്തകനെതിരെ ചാരവൃത്തിക്ക് സിബിഐ കേസെടുത്തു. അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രതിരോധ വാർത്ത പോർട്ടലായ ‘ഡിഫൻസ് ന്യൂസി’ന്റെ ഇന്ത്യൻ ബ്യൂറോ ചീഫ് വിവേക് രഘുവംശിക്കെതിരെയാണ് സിബിഐ ചൊവ്വാഴ്ച കേസ് എടുത്തത്.

ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ (ഡിആർഡിഒ), സൈന്യം, പ്രതിരോധ മന്ത്രാലയം എന്നിവിടങ്ങളിൽനിന്ന് വിവരം ചോർത്തി വിദേശത്തേക്ക് കൈമാറിയെന്നാണ് കേസ്. ഡൽഹി, നോയിഡ, ജയ്പുർ, ഗുരുഗ്രാം എന്നിവിടങ്ങളിലെ ഇയാളുമായി ബന്ധപ്പെട്ട 12 ഇടങ്ങളിൽ സിബിഐ റെയ്ഡ് നടത്തി. നിരവധി ഡിജിറ്റൽ രേഖകൾക്കൊപ്പം രഘുവംശി ശേഖരിച്ച ‘തന്ത്രപ്രധാന പദ്ധതികളുടെ’ വിശദാംശങ്ങളും പിടിച്ചെടുത്തെന്ന് സിബിഐ വൃത്തങ്ങൾ പറഞ്ഞു.

മുപ്പത് വർഷമായി പ്രതിരോധ മാധ്യമപ്രവർത്തകനാണ് വിവേക് രഘുവംശി. ലോകത്തിലെ ഏറ്റവും വലിയ പ്രതിരോധ വാർത്ത പോർട്ടൽ എന്ന് അവകാശപ്പെടുന്നതാണ് യുഎസ് ആസ്ഥാനമായുള്ള സൈറ്റ് ലൈൻ മീഡിയ ഗ്രൂപ്പിന്റെ കീഴിലുള്ള ‘ഡിഫൻസ് ന്യൂസ്’. പാകിസ്ഥാന് പ്രതിരോധ രഹസ്യങ്ങൾ ചോർത്തി നൽകിയെന്ന കേസിൽ ഡിആർഡിഒ ശാസ്ത്രജ്ഞൻ പ്രദീപ് കുരുൽക്കർ ദിവസങ്ങൾക്ക് മുമ്പ് അറസ്റ്റിലായിരുന്നു.

### വിദ്വേഷം പടർത്തി ‘കേരള സ്റ്റോറി’

# മഹാരാഷ്ട്രയിൽ സംഘർഷം; ഒരു മരണം

**പുണെ**

വിദ്വേഷസിനിമ ‘കേരള സ്റ്റോറി’യെ കുറിച്ചുള്ള സമൂഹമാധ്യമ കുറിപ്പിനെ തുടർന്ന് ഇരുവിഭാഗങ്ങൾ തമ്മിലുണ്ടായ സംഘർഷത്തിൽ മഹാരാഷ്ട്ര വിദർഭ മേഖലയിലെ അകോലയിൽ ഒരാൾ കൊല്ലപ്പെട്ടു. 13 പേർക്ക് പരിക്കേറ്റു. വ്യാപകമായി വാഹനങ്ങൾ കത്തിച്ചു. 130 പേർ പിടിയിലായി.

സമൂഹമാധ്യമത്തിലെ പരാമർശത്തിൽ പ്രതിഷേധിച്ച് അകോല പൊലീസ് സ്റ്റേഷന് പുറത്ത് ഒരു വിഭാഗം തടിച്ചുകൂടിയതിനെ തുടർന്നാണ് സംഘർഷമുണ്ടായത്. ഇരുവിഭാഗവും തമ്മിൽ വ്യാപക കല്ലേറുണ്ടായി. വാഹനങ്ങൾ വ്യാപകമായി കത്തിച്ചു. മേഖലയിൽ നിശാനിയമം പ്രഖ്യാപിച്ചു. ഇന്റർനെറ്റ് സേവനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തി. സംഘർഷത്തിൽ പരിക്കേറ്റ ഇലക്ട്രീഷ്യനായ വിലാസ് ഗെയ്ക്വാദ് (40) ആണ് മരിച്ചത്. സ്ഥലം സന്ദർശിച്ച ബിജെപി നേതാവായ മന്ത്രി ഗിരീഷ് മഹാജൻ സംഘർഷം മുൻകൂട്ടി ആസൂത്രണം ചെയ്തതാണെന്ന് ആരോപിച്ചു.

### ജമ്മു മെഡിക്കൽ കോളേജിലും സംഘർഷം

**ശ്രീനഗർ**

ജമ്മുവിലെ ഗവ. മെഡിക്കൽ കോളേജിൽ (ജിഎംസി) ‘ദി കേരള സ്റ്റോറി’സിനിമയെ ചൊല്ലി വിദ്യാർഥി സംഘർഷം. ഞായർ രാത്രി ഒന്നാംവർഷ വിദ്യാർഥികളുടെ ഔദ്യോഗിക ഗ്രൂപ്പിലേക്ക് ‘ദ കേരള സ്റ്റോറി’യുടെ ലിങ്ക് എത്തിയതാണ് സംഭവങ്ങളുടെ തുടക്കം. പഠനകാര്യങ്ങൾക്കുള്ള ഗ്രൂപ്പിൽ ഇത്തരം ലിങ്കുകൾ അയക്കുന്നതിനെ ചിലർ എതിർത്തു. ഇതിനിടെ ഒരുസംഘം ബോയ്സ് ഹോസ്റ്റലിലെത്തി ഇവരെ കൈയേറ്റം ചെയ്തു. കൂടുതൽ വിദ്യാർഥികളും പുറത്തുനിന്നുള്ളചിലരും ഹോസ്റ്റലിൽ എത്തിയതോടെ ചേരിതിരിഞ്ഞ് സംഘർഷമായി. ആക്രമണത്തിൽ അഞ്ചുപേർക്ക് പരിക്കേറ്റു. സംഭവത്തിൽ 10 വിദ്യാർഥികളെ സസ്പെൻഡ് ചെയ്ത് ആഭ്യന്തര അന്വേഷണത്തിന് കോളേജ് അധികൃതർ ഉത്തരവിട്ടു. പൊലീസ് കേസെടുത്തു.

# മലയാളിയായ മുതിർന്ന അഭിഭാഷകൻ കെ വി വിശ്വനാഥനെ സുപ്രീംകോടതി ജഡ്ജിയാക്കാമെന്ന് കൊളീജിയം

- 2030ൽ സുപ്രീംകോടതി ചീഫ്ജസ്റ്റിസാകാൻ സാധ്യത

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

മലയാളിയായ മുതിർന്ന അഭിഭാഷകൻ കെ വി വിശ്വനാഥനെ സുപ്രീംകോടതി ജഡ്ജിയായി നിയമിക്കാമെന്ന് കൊളീജിയം ശുപാർശ. അഭിഭാഷകരിൽനിന്നും പരമോന്നത കോടതിയിലേക്കുള്ള പ്രതിനിധിയായി അഡ്വ. കെ വി വിശ്വനാഥനെ ജഡ്ജിയായി നിയമിക്കാമെന്ന് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ കൊളീജിയം ശുപാർശ ചെയ്തു. ശുപാർശ കേന്ദ്രസർക്കാർ അംഗീകരിച്ചാൽ സുപ്രീംകോടതി ജഡ്ജിയെന്ന നിലയിൽ കെ വി വിശ്വനാഥന് 2031 മെയ് വരെ സേവനകാലയളവുണ്ടാകും. 2030 ആഗസ്തിൽ ചീഫ്ജസ്റ്റിസാകുമെന്ന് കരുതപ്പെടുന്ന ജസ്റ്റിസ് ജെ ബി പർധിവാല വിരമിക്കുന്ന മുറയ്ക്ക് അദ്ദേഹം സുപ്രീംകോടതി ചീഫ്ജസ്റ്റിസാകാനും സാധ്യത. ജസ്റ്റിസ് കെ ജി ബാലകൃഷ്ണന് ശേഷം ചീഫ്ജസ്റ്റിസ് പദവിയിൽ എത്തുന്ന അടുത്ത മലയാളിയെന്ന ഖ്യാതിയും സ്വന്തമാകും.

പാലക്കാട് കൽപ്പാത്തി സ്വദേശിയായ കെ വി വിശ്വനാഥൻ കോയമ്പത്തൂർ ലോ കോളേജിൽ നിന്നും നിയമബിരുദം നേടി. 1988ൽ തമിഴ്നാട് ബാർ കൗൺസിലിൽ അഭിഭാഷകനായി എൻറോൾ ചെയ്തു. പിന്നീട് സുപ്രീംകോടതി അഭിഭാഷകനായി. ഭരണഘടനാ വിഷയങ്ങൾ, ക്രിമിനൽ നിയമങ്ങൾ, ആർബിട്രേഷൻ നടപടികൾ തുടങ്ങിയ നിയമശാഖകളിൽ വിദഗ്ധനായി. മുൻ അറ്റോർണി ജനറൽ കെ കെ വേണുഗോപാലിന്റെ ജൂനിയറായിരുന്നു. 2013ൽ അഡീഷണൽ സോളിസിറ്റർ ജനറലായി. നിരവധി പ്രധാന കേസുകളിൽ അമിക്കസ്ക്യൂറിയായി. ഇഡി ഡയറക്ടർക്ക് വീണ്ടും കാലാവധി നീട്ടിനൽകിയ കേന്ദ്രസർക്കാർ നടപടിയെ അമിക്കസ്ക്യൂറിയെന്ന നിലയിൽ രൂക്ഷമായി വിമർശിച്ചത് വാർത്തയായിരുന്നു.



കെ വി വിശ്വനാഥനടക്കം നാലുപേരെ സുപ്രീംകോടതി ജഡ്ജിമാരായി നിയമിക്കണമെന്ന് ചീഫ്ജസ്റ്റിസായിരിക്കെ യു യു ലളിത് താൽപ്പര്യപ്പെട്ടിരുന്നെങ്കിലും തുടർ ചർച്ചകൾ ഒന്നുമുണ്ടായില്ല. കെ വി വിശ്വനാഥന് പുറമേ ആന്ധ്രാപ്രദേശ് ഹൈക്കോടതി ചീഫ്ജസ്റ്റിസ് പ്രശാന്ത്കുമാർ മിശ്രയെയും സുപ്രീംകോടതി ജഡ്ജിയായി നിയമിക്കാമെന്ന് കൊളീജിയം ശുപാർശ ചെയ്തിട്ടുണ്ട്.


ഗുസ്തി താരങ്ങളായ ബജ്‌രംഗ് പൂനിയ, സംഗീത ഫോഗൊട്ട്, സാക്ഷി മലിക്, വിനേഷ് ഫോഗൊട്ട് എന്നിവരുടെ നേതൃത്വത്തിൽ ഡൽഹി കൊണാട്ട്പ്ലേസിൽ നടത്തിയ പ്രതിഷേധ പ്രകടനം ഫോട്ടോ: പി വി സുജിത്

### അന്വേഷണ സമിതിക്കെതിരെ താരങ്ങൾ

# ലൈംഗികാതിക്രമത്തിന്റെ വീഡിയോ തെളിവ് ചോദിച്ചു

- ശരീരത്തിൽ പിടിച്ചത് ദുരുദ്ദേശ്യത്തോടെയാകില്ലെന്ന് സമിതി അംഗം

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

ബിജെപി എംപിയും ഗുസ്തി ഫെഡറേഷൻ പ്രസിഡന്റുമായ ബ്രിജ്ഭൂഷൺ നടത്തിയ ലൈംഗികാതിക്രമത്തിന്റെ വീഡിയോ–ഓഡിയോ തെളിവ് കായികമന്ത്രാലയം നിയമിച്ച അന്വേഷണ സമിതി ആവശ്യപ്പെട്ടെന്ന് പരാതിക്കാരായ വനിതാ താരങ്ങൾ.

ബ്രിജ്ഭൂഷൺ പിതൃ വാത്സല്യത്തോടെയാകും പെരുമാറിയതെന്നും ശരീരത്തിൽ പിടിച്ചത് ദുരുദ്ദേശ്യത്തോടെയാകില്ലെന്നും ഒരു സമിതി അംഗം പറഞ്ഞെന്ന് ദേശീയ മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ പരാതിക്കാർ പറഞ്ഞു. മേരി കോമിന്റെ അധ്യക്ഷതയിലുള്ള സമിതി ഫെബ്രുവരിയിൽ നടത്തിയ മൊഴിയെടുപ്പിൽ ഗുരുതര ക്രമക്കേടുണ്ടായി. ഒരു ഘട്ടത്തിൽ സമിതി മൊഴിയെടുക്കുന്നത് ചിത്രീകരിക്കുന്നത് അവസാനിപ്പിച്ചു. ഒരംഗം ഓൺലൈനിലൂടെ ജിമ്മിലിരുന്നാണ് മൊഴിയെടുത്തത്. ബ്രിജ്ഭൂഷന്റെ അനുകൂലികൾ ഹാളിന് പുറത്ത് തമ്പടിച്ചു. വേഗം നടപടികൾ പൂർത്തിയാക്കാനുള്ള ധൃതിയായിരുന്നു സമിതിക്ക് – താരങ്ങൾ പറഞ്ഞു. അതേസമയം, ആരോപണങ്ങൾ സമിതിയംഗമായ രാധിക ശ്രീമാൻ നിഷേധിച്ചു.

### സമരവേദി രാംലീല മൈതാനത്തേക്ക്

ബ്രിജ്ഭൂഷണെ അറസ്റ്റുചെയ്യണം എന്നാവശ്യപ്പെട്ട് ഗുസ്തി താരങ്ങളുടെ നേതൃത്വത്തിൽ ഡൽഹി ജന്തർ മന്തറിൽ നടക്കുന്ന സമരം രാംലീല മൈതാനത്തേക്ക് മാറ്റിയേക്കും. ദേശീയ തലത്തിൽ സമരം ശക്തമാക്കുന്നതിന്റെ ഭാഗമായാണിത്. ചൊവ്വാഴ്ച താരങ്ങൾ കൊണാട്ട്പ്ലേസിലേക്ക് മാർച്ച് നടത്തി. സിപിഐ നേതാവും രാജ്യസഭാംഗവുമായ ബിനോയ് വിശ്വം ചൊവ്വാഴ്ച സമരവേദിയിൽ എത്തി.

# ആളില്ലാത്തതിനാലാണ് തിയറ്ററുകൾ സിനിമ ഒഴിവാക്കിയതെന്ന് തമിഴ്നാട്

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

നിലവാരമില്ലാത്ത സിനിമയായതിനാൽ കാണാൻ ആളില്ലാത്തതുകൊണ്ടാണ് ‘ദ കേരളാ സ്റ്റോറി’ പ്രദർശനം തിയറ്റർ ഉടമകൾ നിർത്തിവച്ചതെന്ന് തമിഴ്നാട് സുപ്രീംകോടതിയിൽ. അക്കാര്യത്തിൽ ഇടപെടാൻ കഴിയില്ലെന്നും തമിഴ്നാട് സർക്കാർ സുപ്രീംകോടതിയിൽ നിലപാട് വ്യക്തമാക്കി. ആളില്ലാത്തതിനാൽ മൾട്ടിപ്ലെക്സ് ഉടമകൾ ഏഴാം തിയതി മുതൽ സിനിമ പ്രദർശിപ്പിക്കേണ്ടെന്ന് തീരുമാനിച്ചു. 19 മൾട്ടിപ്ലെക്സുകളിൽ സിനിമ റിലീസ് ചെയ്തിരുന്നു. മറിച്ചുള്ള ആരോപണങ്ങൾ ചുളുവിൽ പ്രശസ്തി കിട്ടാനുള്ള പൊടിക്കൈകൾ ആണെന്നും തമിഴ്നാട് സത്യവാങ്മൂലത്തിൽ ചൂണ്ടിക്കാട്ടി.

## അന്തർദേശീയം

### കായികമത്സരത്തിനിടെ അക്രമം നടത്തിയാൽ സൗദിയിൽ 7 വർഷം തടവ്

**അനസ് യാസിൻ**

**മനാമ**

സൗദിയിൽ കായിക മത്സരങ്ങൾക്കിടെ അക്രമം നടത്തുന്നവർക്ക് ഇനി കർശന ശിക്ഷയും പിഴയും. ഏഴുവർഷം വരെ തടവോ 5,00,000 റിയാൽ (ഏതാണ്ട് 1.10 കോടി രൂപ) പിഴയോ അല്ലെങ്കിൽ രണ്ടും ഒരുമിച്ചോ ആണ് പുതിയ കായിക നിയമം ശുപാർശ ചെയ്യുന്നത്.

അക്രമം, അടിപിടി, പരിപാടി അലങ്കോലമാക്കൽ, വേദിയിലെ മറ്റുള്ളവരുടെ സുരക്ഷയ്ക്ക് ഭീഷണിയാകൽ, സൗകര്യങ്ങൾ നശിപ്പിക്കൽ തുടങ്ങിയവയെല്ലാം ശിക്ഷാർഹമാകും. ലൈസൻസില്ലാത്ത സ്ഥാപനം കായിക സ്ഥാപനമാണെന്ന് മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കാൻ പേരുകളും അടയാളങ്ങളും ഉപയോഗിക്കുന്നതും കുറ്റകരമാകും.

സ്റ്റേഡിയത്തിൽ വിദ്വേഷം, വംശീയ വിവേചനം, കായിക ഭ്രാന്ത് എന്നിവ വാക്കാലോ പ്രവൃത്തിയാലോ പ്രകടിപ്പിക്കുന്നവർക്ക് ലക്ഷം റിയാലാണ് പരമാവധി പിഴ. നിയമം ഗസറ്റിൽ പ്രസിദ്ധീകരിച്ച് ആറുമാസത്തിനുശേഷം പ്രാബല്യത്തിൽ വരും.

### ഇറ്റലിയുടെ പൊതുകടം 248 ലക്ഷം കോടിരൂപ

**റോം**

മൂന്നുലക്ഷംകോടി ഡോളർ കടന്ന് ഇറ്റലിയുടെ പൊതുകടം. ബാങ്ക് ഓഫ് ഇറ്റലിയുടെ ഏറ്റവും പുതിയ റിപ്പോർട്ടിലാണ് രാജ്യത്തിന്റെ പൊതുകടം 248.54 ലക്ഷം കോടിരൂപ (3.022 ലക്ഷം കോടി ഡോളർ) ആയെന്ന് വെളിപ്പെടുത്തിയത്. തുടർച്ചയായ മൂന്നാം മാസമാണ് രാജ്യത്തിന്റെ പൊതുകടം വർധിക്കുന്നതെങ്കിലും മൂന്നുലക്ഷം കോടി ഡോളർ കടക്കുന്നത് ആദ്യം. ലോകത്തിലെ ഏറ്റവും കടമുള്ള രാജ്യങ്ങളിലൊന്നാണ് ഇറ്റലി.

# ഇന്ത്യയിൽ മതന്യൂനപക്ഷങ്ങളെ ഭരണകൂടം വേട്ടയാടുന്നു: യുഎസ്

- മോദി അമേരിക്ക സന്ദർശിക്കാനിരിക്കെ റിപ്പോർട്ടിന്റെ പൂർണരൂപം പുറത്തുവിട്ടു

**കലിഫോർണിയ**

ഇന്ത്യയിൽ മതന്യൂനപക്ഷങ്ങളെ ഭരണകൂടം വേട്ടയാടുന്നുവെന്ന് യുഎസ്. അമേരിക്കയുടെ അന്താരാഷ്ട്ര മതസ്വാതന്ത്ര്യ കമീഷന്റെ റിപ്പോർട്ടിലാണ് മതന്യൂനപക്ഷങ്ങൾക്കെതിരായ ആക്രമണങ്ങൾക്ക് ഇന്ത്യൻ ഭരണസംവിധാനം കൂട്ടുനിൽക്കുന്നതായി വെളിപ്പെടുത്തുന്നത്. റിപ്പോർട്ടിന്റെ പ്രസക്തഭാഗങ്ങൾ മുമ്പ് പുറത്തു പുറത്തുവന്നിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി അടുത്തമാസം യുഎസ് സന്ദർശിക്കാനിരിക്കെ, അമേരിക്കൻ അഭ്യന്തരവകുപ്പ് റിപ്പോർട്ടിന്റെ പൂർണരൂപം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. രാജ്യത്ത് മതത്തിന്റെ പേരിൽ നടക്കുന്ന അതിക്രമങ്ങളെ ഇന്ത്യൻ സർക്കാർ അപലപിക്കണമെന്നും ഉത്തരവാദികളെ കണ്ടെത്തണമെന്നും റിപ്പോർട്ടിൽ പറയുന്നു.

മതപരിവർത്തനം, ഹിജാബ് ധരിക്കൽ, ഗോവധം തുടങ്ങിയ വിഷയങ്ങൾ മുൻനിർത്തി മുസ്ലിം, ക്രിസ്ത്യൻ, ദളിത്, സിഖ്, ആദിവാസികൾ തുടങ്ങിയവരെ അടിച്ചമർത്തുന്നു. 2014 മുതൽ ബിജെപി സർക്കാർ ന്യൂനപക്ഷങ്ങൾക്ക് മതസ്വാതന്ത്ര്യം നിഷേധിക്കുന്ന നയങ്ങളാണ് സ്വീകരിക്കുന്നത് – റിപ്പോർട്ടിൽ പറയുന്നു. സിഎഎ, എൻആർസി തുടങ്ങിയ വിഷയങ്ങളും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

### ചെക് റിപ്പബ്ലിക്കിൽ പണിമുടക്കാൻ ട്രേഡ് യൂണിയനുകൾ

**പ്രാഗ്**

പൊതുമേഖലയിൽ പണമിറക്കുന്നത് വെട്ടിക്കുറച്ച സർക്കാർ നടപടികൾ പിൻവലിച്ചില്ലെങ്കിൽ ശക്തമായ പണിമുടക്ക് നേരിടേണ്ടിവരുമെന്ന് മുന്നറിയിപ്പ് നല്കി ചെക് റിപ്പബ്ലിക്കിലെ പ്രധാന തൊഴിലാളി സംഘടനകൾ മുന്നറിയിപ്പ് നൽകി. സർക്കാരിന്റെ ചെലവ് ചുരുക്കൽ പദ്ധതി തൊഴിലാളികളെയും കുടുംബങ്ങളെയും പ്രതികൂലമായിബാധിക്കുമെന്ന് സംഘടനകൾ ചൂണ്ടിക്കാട്ടി. രാജ്യത്തിന്റെ വർധിക്കുന്ന കടം കുറയ്ക്കാൻ വിരമിക്കൽ പ്രായം ഉയർത്തൽ, കോർപറേറ്റ് നികുതി വർധിപ്പിക്കൽ, മദ്യത്തിന്റെ നികുതി കൂട്ടൽ, സാമൂഹ്യക്ഷേമ പദ്ധതികളിൽ നിന്ന് പിൻവാങ്ങൽ തുടങ്ങിയ നിർദേശങ്ങളാണ് മുന്നോട്ട് വച്ചിരിക്കുന്നത്.

### നൂറിലേറെ ജീവൻ അപഹരിച്ച് മോക്ക

**നേപിത**

മ്യാന്മറിൽ അതിതീവ്ര മോക്ക ചുഴലിക്കാറ്റിനെ തുടർന്ന് നൂറിലേറെ മരണം സംഭവിച്ചതായി റിപ്പോർട്ട്. അഭയാർഥി ക്യാമ്പുൾപ്പെടുന്ന പ്രദേശത്ത് പ്രവർത്തിക്കുന്ന മനുഷ്യാവകാശ സംഘടന പുറത്തുവിട്ട വിവരങ്ങളിലാണ് പുറത്തുവരുന്നത്. വടക്കുപടിഞ്ഞാറൻ മ്യാന്മറിലും ബംഗ്ലാദേശിലും രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. റാഖൈൻ മേഖലയിലാണ് ഏറ്റവും കൂടുതൽ ദുരന്തം വിതച്ചത്. പ്രദേശത്തെ ദുരന്ത മേഖലയായി പ്രഖ്യാപിച്ചിരുന്നു. രണ്ടുലക്ഷത്തോളം റോഹിങ്ക്യൻ അഭയാർഥികൾ താമസിച്ചിരുന്ന പ്രദേശത്താണ് മോക്ക ഏറ്റവും വലിയ ദുരന്തം വിതച്ചത്. പ്രദേശത്ത് കൂടുതൽ ആളുകൾ മരിച്ചിരിക്കാൻ സാധ്യതയുണ്ടെന്നും റിപ്പോർട്ടുകളുണ്ട്. ശക്തമായ കാറ്റിൽ പ്രദേശത്തെ ടെലികമ്യൂണിക്കേഷൻ സൗകര്യങ്ങൾ തകരാറിലായതിനാൽ ആളപായത്തിന്റെയും നാശനഷ്ടങ്ങളുടെയും വ്യാപ്തി സ്ഥിരീകരിക്കാൻ പ്രയാസമാണ്.

# ബംഗാളിൽ പടക്ക ഫാക്ടറിയിൽ സ്ഫോടനം; 5 മരണം

- 7 പേരുടെ നില ഗുരുതരം

**ഗോപി**

**കൊൽക്കത്ത**

ബംഗാളിൽ അനധികൃത പടക്ക ഫാക്ടറിയിൽ ഉണ്ടായ സ്ഫോടനത്തിൽ അഞ്ചുപേർ കൊല്ലപ്പെട്ടു. ഏഴുപേർക്ക് പരിക്കേറ്റു. പരിക്കേറ്റവരുടെയെല്ലാം നില ഗുരുതരമാണ്. കിഴക്കൻ മേദിനിപുർ ജില്ലയിലെ എഗ്രയിലാണ് പൊട്ടിത്തെറിയുണ്ടായത്. പടക്കശാല പ്രവർത്തിച്ചിരുന്ന കെട്ടിടം പൂർണമായി തകർന്നു. അനധികൃതമായി പടക്കശാല പ്രവർത്തിക്കുന്നതായി പലതവണ പൊലീസിൽ പരാതിപ്പെട്ടിട്ടും നടപടി ഉണ്ടായിട്ടില്ലെന്ന് നാട്ടുകാർ പറഞ്ഞു. തൃണമൂൽ നേതാക്കളുമായി അടുത്ത ബന്ധമുള്ളവരാണ് അതിന്റെ ഉടമകൾ.

### അദാനി ഓഹരിത്തട്ടിപ്പ്

# സെബിയുടെ അപേക്ഷ ജൂലൈ 10ലേക്ക് മാറ്റി

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

അദാനിഗ്രൂപ്പിന് എതിരായ ഹിൻഡെൻബെർഗ് വെളിപ്പെടുത്തലുകളിൽ അന്വേഷണം പൂർത്തിയാക്കാൻ കൂടുതൽ സമയം തേടി സെക്യൂരിറ്റീസ് ആൻഡ് എക്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) നൽകിയ അപേക്ഷ പരിഗണിക്കുന്നത് സുപ്രീംകോടതി ജൂലൈ 10ലേക്ക് മാറ്റി. മറ്റ് കേസുകളുടെ തിരക്ക് കാരണം ചൊവ്വാഴ്ച കേസ് പരിഗണിക്കാൻ കഴിഞ്ഞിരുന്നില്ല. ഇതേതുടർന്നാണ്, കേസ് പരിഗണിക്കുന്നത് ജൂലൈ 10 ലേക്ക് മാറ്റിയത്. അന്വേഷണം പൂർത്തിയാക്കാൻ ആറ് മാസംകൂടി വേണമെന്നാണ് സെബിയുടെ ആവശ്യം.